**No.CEE/4900/2015/ KEAM- 2016/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

**മെഡിക്കൽ/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള പ്രവേശനം–2016**

**ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്യാം**

കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ **ഡാറ്റാ ഷീറ്റ്** **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും **01.07.2016** മുതൽ ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. വെബ്സൈറ്റിലെ **KEAM 2016-Candidate Portal-**ലൂടെ **ആപ്ലിക്കേഷൻ നമ്പരും റോൾ നമ്പരും** കൃത്യമായി നൽകി വിദ്യാർത്ഥിയുടെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത ഡാറ്റാ ഷീറ്റ് വിദ്യാർത്ഥി പ്രവേശനം നേടുന്ന സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്. തപാൽ വഴി ഡാറ്റാ ഷീറ്റ് വിതരണം ചെയ്യുന്നതല്ല.

പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയെങ്കിലും റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികൾക്കും ഡാറ്റാ ഷീറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

KEAM 2016 അപേക്ഷയിലെ അപാകതകൾ മൂലം പ്രവേശന പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് ലഭ്യമാകുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.07.2016